I. ഇ.ബി. XV-കേരള നിയമസഭ/XIII-13

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ക്ഷേമനിധി പെൻഷനും ആനുകൂല്യങ്ങളും കുടിശ്ശികയായത് സംബന്ധിച്ച്

മി. സ്പീക്കർ: കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അടക്കം സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും മാസങ്ങളായി കുടിശ്ശികയായ ഗുരുതര സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ. എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്,

മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വിവിധ ക്ഷേമനിധി ബോർഡുകൾ മുഖാന്തരം നൽകിവരുന്ന പെൻഷനും ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യുന്നില്ലെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. തനതുഫണ്ടിൽനിന്നും വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളെല്ലാം കുടിശ്ശികയില്ലാതെ അത് നൽകിവരുന്നുണ്ട്. പല ക്ഷേമനിധി ബോർഡുകളും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. 2024 ഏപ്രിൽ മുതൽ അതത് മാസംതന്നെ പെൻഷൻ വിതരണം ചെയ്യുന്ന കാര്യം ഉറപ്പാക്കിയിട്ടുണ്ട്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 60 വയസ്സ് കഴിഞ്ഞവർക്കുള്ള അധിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 16 ക്ഷേമനിധി ബോർഡുകളാണ് സർക്കാർ ധനസഹായത്തോടെ ക്ഷേമ പെൻഷൻ വിതരണം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് ഓൺലൈൻ

സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളുടെ ഭാഗമായി ക്ഷേമനിധി സെസ് നിർബന്ധമായി പിരിച്ചെടുക്കാൻ ആരംഭിച്ചതോടുകൂടി കഴിഞ്ഞ അഞ്ച് മാസമായി ക്ഷേമനിധി പെൻഷനും ആനുകൂല്യങ്ങളും കൃത്യമായി നൽകാൻ സാധിച്ചിട്ടുണ്ട്. അസംഘടിത മേഖലയുൾപ്പെടെ എല്ലാ തൊഴിൽ വിഭാഗങ്ങളോടും പ്രതിബദ്ധതയുള്ള ഈ സർക്കാർ തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: ക്ഷേമനിധി ബോർഡുകളിൽ പെൻഷനും മറ്റാനുകൂല്യങ്ങളും കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്ന മന്ത്രിയുടെ വാദം വസ്തുതാവിരുദ്ധമാണ്. 11 ക്ഷേമനിധി ബോർഡുകളിൽ വിവിധ ഇനങ്ങളിലായി 2011 കോടി രൂപയുടെ കുടിശ്ശികയാണുള്ളത്. അങ്കണവാടി ജീവനക്കാരുടെയും വർക്കർമാരുടെയും പെൻഷൻ അഞ്ചുമാസമായി മുടങ്ങിയിരിക്കുകയാണ്. ക്ഷേമനിധി ബോർഡുകളിലെ അംശദായം വർദ്ധിപ്പിക്കുന്നതോടൊപ്പം പെൻഷനുകളിലും ആനുകൂല്യങ്ങളിലും കാലോചിതമായ മാറ്റം വരുത്തുന്ന കാര്യം സർക്കാർ അനുഭാവപൂർവം പരിഗണിക്കണം. വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക്

പെൻഷനും മറ്റാനുകൂല്യങ്ങളും മാസങ്ങളായി കുടിശ്ശികയായ ഗുരുതര സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 5 മാസത്തെ ക്ഷേമനിധി പെൻഷൻ കുടിശ്ശികയിൽ 2 മാസത്തേത് ഈ വർഷവും 3 മാസത്തേത് അടുത്ത വർഷവും നൽകുന്നതാണ്. പുതിയ സോഫ്റ്റ്‌വെയർ നിലവിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡിലേക്കുള്ള കളക്ഷനിൽ വർധനവുണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാർ നയങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾക്കിടയിലും തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് കൃത്യമായി ആനുകൂല്യങ്ങൾ നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. അങ്കണവാടി വർക്കർമാർക്കുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിനായി പ്രത്യേക ഫണ്ട് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി കേന്ദ്ര സർക്കാർ നൽകിവരുന്ന വിഹിതത്തിൽത്തന്നെ കുടിശ്ശിക വരുത്തുകയാണ്. സ്കീം വർക്കേഴ്സിനുള്ള അലവൻസ് വർധിപ്പിക്കുന്നതുൾപ്പെടെ കേരളത്തിന്റെ തനതായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇന്ത്യൻ പാർലമെന്റിൽ കേരളത്തിൽനിന്നുള്ള എം.പി.-മാർ ഒറ്റക്കെട്ടായി നിലകൊള്ളണം. തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും നൽകുന്ന

ആനുകൂല്യങ്ങളിൽ സംസ്ഥാനം യാതൊരു കുറവും വരുത്തുന്നതല്ല. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) മലയോര പ്രദേശങ്ങളിലെ പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കാനുള്ള അനുമതി

ശ്രീ. പ്രമോദ് നാരായൺ: ഭൂപതിവ് നിയമത്തിൽ ഭേദഗതി വരുത്തി മലയോര മേഖലയിലെ കർഷകർക്ക് പട്ടയ ഭൂമിയിലെ മരം മുറിക്കുന്നതിന് അനുവാദം നൽകുന്നതിനും പുതിയ ഉത്തരവ് വരുന്നതുവരെ

കർഷകർക്കെതിരെ കേസെടുക്കുന്നത് നിർത്തിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി ഈ വിഷയം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മരം മുറിക്കുന്ന കർഷകർക്കെതിരെ കേസെടുക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പട്ടയഭൂമിയിലെ മരങ്ങളുടെ അവകാശം കൃഷിക്കാർക്ക് നൽകുന്ന വിധത്തിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## (2) കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സജീവ് ജോസഫ്: കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 2022 വരെ കർഷകരുടെ കുടിശ്ശിക വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായുള്ള അപേക്ഷ സ്വീകരിക്കുന്നതിനും ജപ്തി നടപടി നിയന്ത്രിക്കുന്നതിനും പാട്ടഭൂമിയിൽ കൃഷി ചെയ്യുന്നവർക്കുകൂടി കടാശ്വാസം ലഭ്യമാക്കുന്നതിനും കടാശ്വാസ അപേക്ഷകൾക്ക് റേഷൻ

കാർഡ് മാനദണ്ഡമാക്കിയ നടപടി പുന:പരിശോധിക്കുന്നതിനും കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാർഷിക മേഖലയിലെ പ്രതിസന്ധി മറികടക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-08-2020 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31-03-2016 വരെയും സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കാൻ നടപടി സ്വീകരിക്കുകയും മേൽ കാലഘട്ടത്തിൽ വായ്പയെടുത്തിട്ടുള്ള അർഹരായ കർഷകരിൽനിന്നും കടാശ്വാസത്തിന് അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 31-12-2023 വരെ നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്. 01-03-2019 മുതൽ 10-06-2019 വരെ കമ്മീഷന് ലഭിച്ചതും അവസാന തീയതിക്കുശേഷം സമർപ്പിച്ചതുമായ 33,526 അപേക്ഷകൾക്കൂടി പരിഗണിക്കാൻ സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ 244 സിറ്റിങ്ങുകൾ നടത്തുകയും 79,215 അപേക്ഷകൾ തീർപ്പാക്കുകയും 366.88 കോടി രൂപയുടെ അവാർഡ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട്

ജില്ലകളിലെ അപേക്ഷകൾ തീർപ്പാക്കാൻ പ്രത്യേക സിറ്റിങ്ങുകൾ നടത്തുന്നുണ്ട്. 2018-19-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ ജില്ലകളിലെയും കർഷകർ 31-08-2020 വരെ എടുത്ത വായ്പകൾക്ക് കടാശ്വാസം നൽകി വായ്പാ തീയതി ഏകീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിശോധനയിലാണ്. ജപ്തിയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പിൽനിന്നും പിന്നാക്കം പോകില്ല. പാട്ടഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യം ലഭ്യമാകാത്ത പ്രശ്നം ഗൗരവമായി പരിഗണിക്കുന്നതാണ്. കടാശ്വാസം നൽകുന്നതിന് റേഷൻ കാർഡ് മാനദണ്ഡമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## III സബ്മിഷൻ

### (1) ഇടുക്കി-ദേവികുളം-കല്ലാർകുട്ടി ഡാം മേഖലയിലുള്ള കുടുംബങ്ങൾക്ക് പട്ടയം

ശ്രീ. എ. രാജ: ഇടുക്കി-ദേവികുളം-കല്ലാർകുട്ടി ഡാം മേഖലയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇടുക്കി ജില്ലയിലെ ജലവൈദ്യുത പദ്ധതി പ്രദേശങ്ങളിൽ താമസിക്കുന്ന യോഗ്യരായ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്

വൈദ്യുതി-ജലവിഭവ-റവന്യൂ വകുപ്പുമന്ത്രിമാരുടെ യോഗം ചേരുകയും ഡാം സുരക്ഷാ അതോറിറ്റിയുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കൈവശഭൂമി സർവെ ചെയ്ത് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടി പൂർത്തിയായിവരികയാണ്. കല്ലാർകുട്ടി ഡാമിന്റെ പത്ത് ചെയിൻ പ്രദേശത്തെ യോഗ്യമായ കൈവശങ്ങൾ തിട്ടപ്പെടുത്തുന്നതിനുള്ള ഫീൽഡ് സർവെ പൂർത്തീകരിച്ചിട്ടുണ്ട്. കൊന്നത്തടി വില്ലേജിലെ സർവെ നടപടികൾ പൂർത്തിയാക്കുകയും വെള്ളത്തൂവൽ വില്ലേജിലെ ലാൻഡ് രജിസ്റ്റർ അന്തിമമാക്കുന്ന നടപടികൾ അവസാനഘട്ടത്തിലുമാണ്. സർവെ നടപടികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ തയ്യാറാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

## (2) ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലെ വന്യമൃഗ ആക്രമണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: പുതുക്കാട് നിയോജകമണ്ഡലത്തിലെ മലയോര ഗ്രാമങ്ങൾ നേരിടുന്ന രൂക്ഷമായ വന്യമൃഗ ആക്രമണം തടയുന്നതിനും വനത്തോട് ചേർന്നുള്ള പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വികസന പദ്ധതികൾക്ക് വനംവകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള പരിയാരം, വെള്ളിക്കുളങ്ങര മേഖലകളിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 17 കി.മീ. ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ 338 ലക്ഷം രൂപ ചെലവഴിച്ച് 25 കി.മീ. ഫെൻസിങ് നിർമ്മാണം അന്തിമഘട്ടത്തിലുമാണ്. പരിയാരം റേഞ്ചിലെ ഒറ്റയാർ പ്രദേശത്ത് നബാർഡ് സ്കീമിലുൾപ്പെടുത്തി എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഡിവിഷൻ തലത്തിൽ ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്റർ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ചാലക്കുടി ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഹാരിസൺസ് മലയാളം ലിമിറ്റഡ്, കൊച്ചിൻ-മലബാർ ലിമിറ്റഡ് എന്നീ പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ ജോലി സമയം ക്രമീകരിക്കാനാവശ്യമായ നിർദേശം നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ ഭൂമി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(3) കേന്ദ്ര ഖരമാലിന്യ പരിപാലന ചട്ടം

ശ്രീ. വി. കെ. പ്രശാന്ത്: കേന്ദ്ര ഗവൺമെന്റിന്റെ 2024-ലെ കരട് ഖരമാലിന്യ സംസ്കരണ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മാലിന്യ ശേഖരണത്തിന്റെയും ഉറവിട സംസ്കരണത്തിന്റെയും വിവരങ്ങൾ കേന്ദ്രീകൃത പോർട്ടൽ വഴി കേന്ദ്ര സർക്കാർ മോണിറ്റർ ചെയ്യുന്നതിന്റെ പ്രായോഗികതയില്ലായ്മ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2024-ലെ ഖരമാലിന്യ സംസ്കരണ നിയമത്തിന്റെ കരട് സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രത, നിലവിലുള്ള നിയമങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ അധികാരത്തിൽ കൈകടത്താത്ത രീതിയിൽ മാത്രമേ പുതിയ സംവിധാനം ഏർപ്പെടുത്താനാകൂ എന്ന് കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(4) കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾക്കുള്ള യാത്രാബത്ത

ശ്രീ. നജീബ് കാന്തപുരം: കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾക്കുള്ള യാത്രാബത്ത ആയിരം രൂപയായി വർധിപ്പിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനുമുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സി.ഡി.എസ്. ചെയർപേഴ്സണൊഴികെയുള്ള സി.ഡി.എസ്. അംഗങ്ങളുടെ യാത്രാബത്ത 2022 ജനുവരി മാസം മുതൽ 500 രൂപയായി വർധിപ്പിക്കുകയും ഇതിനായി 2.75 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽനിന്നും 79.02 ലക്ഷം രൂപ സി.ഡി.എസ്-കൾക്ക് അനുവദിക്കുകയും ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05-12-2023-ലെ സർക്കുലർ പ്രകാരം സി.ഡി.എസ്.-ന്റെ തനത് ഫണ്ടിൽനിന്നും സി.ഡി.എസ്. അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും സർക്കാർ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് തനതുഫണ്ടിലേക്ക് തിരിച്ചടവ് വരുത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 2022 ജനുവരി മാസം മുതൽ 2024 ഡിസംബർ വരെയുള്ള യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനാവശ്യമായ തുക ഈ

സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽനിന്ന് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(5) പെരുമ്പാവൂരിൽ സബ് ആർ.ടി. ഓഫീസ് കെട്ടിടനിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂരിലെ സബ് ആർ.ടി. ഓഫീസിന് സ്വന്തമായി കെട്ടിടവും വാഹന പരിശോധനയ്ക്കും ഡ്രൈവിങ് ടെസ്റ്റിനുമായി സ്ഥലവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പെരുമ്പാവൂരിൽ സബ് ആർ.ടി. ഓഫീസ് നിർമ്മാണത്തിന് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ എം.സി. റോഡിൽ മലമുറി ബസ് സ്റ്റോപ്പിനടുത്തുള്ള റവന്യൂ ഭൂമി അനുവദിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത ആവശ്യം പരിഗണിക്കുന്നതാണ്. പരിഷ്കരിച്ച ഡ്രൈവിങ് ടെസ്റ്റ് ഗ്രൗണ്ടിനാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

(6) വടകര ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഉപകേന്ദ്രം

ശ്രീമതി കെ. കെ. രമ: വടകര ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് മിഠായി പദ്ധതിയുടെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർക്കാരിന്റെ കീഴിലുള്ള 5 മെഡിക്കൽ കോളേജുകളിൽ മെയിൻ സെന്ററുകളും 9 ജില്ലകളിൽ സാറ്റലൈറ്റ് സെന്ററുകളുമുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ 14 മിഠായി ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നത്. നടപ്പുസാമ്പത്തികവർഷം മിഠായി പദ്ധതിക്കായി മൂന്നുകോടി എൺപത് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട ഉപകേന്ദ്രം ആരംഭിക്കുന്ന കാര്യം  പരിഗണിക്കുന്നതാണ്.

(7) പാലത്തിന്റെ അവശിഷ്ടങ്ങൾ മാറ്റാൻ നടപടി

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ തകർന്നുകിടക്കുന്ന പഴയ കൊച്ചി പാലത്തിന്റെ അവശിഷ്ടങ്ങൾ പൊളിച്ചുമാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഭാരതപ്പുഴയ്ക്ക് കുറുകെ 110 വർഷംമുമ്പ് നിർമ്മിച്ച ചെറുതുരുത്തി

പാലത്തിന്റെ നാല് സ്പാനുകൾ പുഴയിൽ വീണുകിടക്കുകയാണ്. അപകടസാധ്യത പരിഗണിച്ച് പാലം പൊളിച്ചുനീക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാൻ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ചെയർമാനായ നാലംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) അമ്പലപ്പുഴ എൻ.എച്ച്.66-ൽ അടിപ്പാത നിർമ്മാണം

ശ്രീ. എച്ച്. സലാം: അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പായൽകുളങ്ങര ജങ്ഷനിലും വളഞ്ഞവഴി എസ്.എൻ. കവലയിലും അടിപ്പാതകൾ നിർമ്മിക്കാനും മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുന്നിൽ വീതികൂടിയ ഉയരപാത നിർമ്മിക്കാനുമാവശ്യമായ ഇടപെടൽ നടത്തണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): എൻ.എച്ച്.66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഡി.പി.ആർ. ദേശീയപാത അതോറിറ്റിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രദേശങ്ങളിലെ പ്രശ്നങ്ങൾ എൻ.എച്ച്.എ.ഐ. അധികൃതരെ അറിയിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേ, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻവശം, പറവൂർ ജങ്ഷൻ, അമ്പലപ്പുഴ കച്ചേരിമുക്ക് ജങ്ഷൻ എന്നിവിടങ്ങളിലെ

നിർമ്മാണപ്രവർത്തനങ്ങൾ ദേശീയപാതാ അതോറിറ്റി അനുഭാവപൂർവം പരിഗണിച്ചിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ നാഷണൽ ഹൈവേ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(9) ഫോറൻസിക് സർജൻമാരുടെ തസ്തിക സൃഷ്ടിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് നിയോജകമണ്ഡലത്തിലെ ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജൻമാരുടെ അധിക തസ്തിക സൃഷ്ടിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റും ഒരു ഫോറൻസിക് സർജനുമാണ് നിലവിലുള്ളത്. കൂടാതെ ഫോറൻസിക് സയൻസിൽ ബിരുദാനന്തരബിരുദമുള്ള ഒരു ഡോക്ടറെ ജോലി ക്രമീകരണ വ്യവസ്ഥയിൽ അവിടെ നിയമിച്ചിട്ടുണ്ടെങ്കിലും ടിയാൻ വ്യക്തിപരമായ കാരണങ്ങളാൽ അവധിയിലാണ്. പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ അന്തിമ പരിഗണനയിലാണ്.

## (10) ഉപഭോക്തൃ കമ്മീഷൻ രൂപീകരിക്കൽ

ശ്രീ. അൻവർ സാദത്ത്: കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് എറണാകുളം ജില്ലയിൽ ഒരു അഡീഷണൽ കൺസ്യൂമർ കമ്മീഷൻ അനുവദിക്കാനും നിലവിലുള്ള കമ്മീഷനിൽ കേസിന് ആനുപതികമായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പരാതികളുടെ ബാഹുല്യം കണക്കിലെടുത്ത് മീഡിയേഷൻ നടപടികൾ ശക്തിപ്പെടുത്തിയും അദാലത്തുകൾ സംഘടിപ്പിച്ചും പരാതികൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ജില്ലകളിലെ കമ്മീഷനുകളിൽ കൂടുതൽ ജീവനക്കാരെ നിയോഗിക്കേണ്ടതുണ്ടോയെന്നത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഉപഭോക്തൃ സംരക്ഷണ നിയമമനുസരിച്ച് ആവശ്യമെങ്കിൽ സംസ്ഥാന സർക്കാരിന് ഒരു ജില്ലയിൽ ഒന്നിൽ കൂടുതൽ ജില്ലാ കമ്മീഷൻ രൂപീകരിക്കാമെങ്കിലും നിലവിലെ സാഹചര്യത്തിൽ അത് പ്രായോഗികമല്ല.

## IV ധനകാര്യം

### 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർഥന നമ്പർ V | - | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും (475,68,97,000 രൂപ) |
| ധനാഭ്യർഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവീസുകൾ (5548,68,51,000 രൂപ) |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർഥന നമ്പർ VI | - | ഭൂനികുതി (920,40,87,000 രൂപ) |
| ധനാഭ്യർഥന നമ്പർ XI | - | ജില്ലാഭരണവും പലവകയും (943,43,05,000 രൂപ) |
| ധനാഭ്യർഥന നമ്പർ XXI | - | ഭവനനിർമ്മാണം (146,52,33,000 രൂപ) |

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XV | - | പൊതുമരാമത്ത് (5116,13,10,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XLII | - | വിനോദസഞ്ചാരം (459,02,06,000 രൂപ) |

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ

ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. കെ. വി. സുമേഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ വകുപ്പിന്റെ ആധുനികീകരണം ലക്ഷ്യമിട്ടുകൊണ്ട് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പരിഷ്കാരങ്ങൾ ശ്ലാഘനീയമാണ്. 180887 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചതും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവെ ശാസ്ത്രീയമായും ഫലപ്രദമായും നടപ്പാക്കാൻ കഴിഞ്ഞതും അഭിമാനാർഹമാണ്. ആഭ്യന്തര ടൂറിസം മേഖലയിൽ സമഗ്രവും ആധുനികവുമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചുകൊണ്ട് 43,647 കോടി രൂപയുടെ വരുമാനം നേടാൻ സാധിച്ചതും കാരവാൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, പൈതൃക ടൂറിസം, ഡെസ്റ്റിനേഷൻ ടൂറിസം തുടങ്ങി വിവിധ ആശയങ്ങൾ ടൂറിസം മേഖലയിൽ നടപ്പാക്കിയതിന്റെ ഫലമായി ലോക ടൂറിസം ഭൂപടത്തിൽ കേരളത്തിന് സ്ഥാനം നേടാൻ കഴിഞ്ഞതും ടൂറിസ്റ്റുകൾ കണ്ടിരിക്കേണ്ട

പത്ത് ഇന്ത്യൻ നഗരങ്ങളിലൊന്നായി തിരുവനന്തപുരം തിരഞ്ഞെടുക്കപ്പെട്ടതും അഭിനന്ദനാർഹമാണ്. സംസ്ഥാന സർക്കാർ 5550 കോടി രൂപ മുതൽമുടക്കി ദേശീയ പാതാ വികസനം സാധ്യമാക്കിയതും ഗതാഗതക്കുരുക്ക് പരിഹരിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതും വയനാട് തുരങ്കപാത, മലയോര-തീരദേശ ഹൈവേ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതും എടുത്തുപറയത്തക്കതാണ്. ഇന്ത്യയിൽ അതിദരിദ്രരില്ലാത്ത ഏക സംസ്ഥാനം കേരളമാണ്. മധ്യ യൂറോപ്യൻ രാജ്യങ്ങൾക്ക് തുല്യമായ അടിസ്ഥാന വികസന സൗകര്യങ്ങളുള്ള സംസ്ഥാനമായി കേരളത്തെ വളർത്തിയെടുക്കാനുള്ള സർക്കാരിന്റെ നടപടികൾ സ്വാഗതാർഹമാണ്. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നുപോയിട്ടും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിലും സർക്കാർ സ്വീകരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്.

ശ്രീ. സജീവ് ജോസഫ്: ധനാഭ്യർഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിയാൻമല-വെള്ളാട് റോഡിന്റെയും ഉദയഗിരി-അരിവിളഞ്ഞപൊയിൽ റോഡിന്റെയും നവീകരണം

സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഇടപെടലുണ്ടാകണം. പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറനുസരിച്ച് ടെൻഡർ നടപടി പൂർത്തീകരിക്കാത്തതും ഇടക്കാലങ്ങളിൽ പ്രവൃത്തി ഉപേക്ഷിച്ചുപോകുന്നതുമായ കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഭൂനികുതി വർധിപ്പിച്ച നടപടി അടിയന്തരമായി പിൻവലിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധികളെ അതിജീവിച്ചും നവീന ആശയങ്ങൾ പ്രാവർത്തികമാക്കിയും സംസ്ഥാനത്തെ വികസന മേഖല പുരോഗതിയുടെ പാതയിലാണ്. പൊതുമരാമത്ത്-വിനോദസഞ്ചാര മേഖലകളിൽ സമാനതകളില്ലാത്ത വളർച്ച കൈവരിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനും നിലവിലുള്ള കേന്ദ്രങ്ങളെ പരിപോഷിപ്പിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 29522 കിലോമീറ്റർ റോഡിൽ 14883 കിലോമീറ്റർ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചിട്ടുണ്ട്. എല്ലാവർക്കും ഭൂമി, എല്ലാവർക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നയത്തിലൂടെ

റവന്യൂ വകുപ്പിന്റെ മുഖച്ഛായ മാറ്റാൻ സാധിച്ചതും പ്രവാസി മിത്രം പോർട്ടൽ നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. സമസ്ത മേഖലയുടെയും പുരോഗതിയാണ് ഈ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളത്തിനുമേൽ സാമ്പത്തിക ഉപരോധം സൃഷ്ടിക്കാനുള്ള കേന്ദ്രസർക്കാർ ശ്രമത്തിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നിൽക്കണം.

<u>ശ്രീ. യു. എ. ലത്തീഫ്</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർധിപ്പിച്ചും നികുതി ഭാരം കൂട്ടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും കിടപ്പുരോഗികളുടെയും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെയും സഹായങ്ങൾ വെട്ടിക്കുറച്ചും അവതരിപ്പിച്ചിരിക്കുന്ന ജനദ്രോഹകരമായ ബജറ്റാണിത്. മദ്യ നയം പ്രോത്സാഹിപ്പിക്കുന്നത് ഖേദകരമാണ്. തൊഴിലില്ലായ്മ വർധിക്കുന്നതും സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാത്തതും പരിതാപകരമാണ്. വികസന പ്രവർത്തനങ്ങൾക്ക് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തുക അനുവദിക്കണം. മലപ്പുറം ജില്ലയിൽ നടത്തിയ പട്ടയ മേളയിൽ സത്രം ഭൂമിക്ക് പട്ടം നൽകിയതിന് റവന്യൂ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ നിർമ്മാണപ്രവൃത്തി എത്രയുംവേഗം ആരംഭിക്കുന്നതിനും മഞ്ചേരി മെഡിക്കൽ

കോളേജിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പാവപ്പെട്ടവരെ വികസനത്തിന്റെ കുതിപ്പിലേക്ക് കൊണ്ടുവരുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. രണ്ട് ഏക്കറിനുതാഴെ ഭൂമിയുള്ള കർഷകരെ കാർഷികാദായ നികുതി വർധനവിൽനിന്നും ഒഴിവാക്കണം. കെ.സി. പാലം പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. നിയോജകമണ്ഡലാടിസ്ഥാനത്തിൽ മീറ്റിങ്ങുകൾ നടത്തുന്നത് പ്രയോജനപ്രദമാണ്. കേരളത്തിലെ ഭൂരിഭാഗം റോഡുകളും ബി.എം.ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചതും മുളന്തുരുത്തി റെയിൽവേ പാലം ജനങ്ങൾക്കായി തുറന്നുകൊടുത്തതും സർക്കാരിന്റെ നേട്ടമാണ്. ആഭ്യന്തര-വിദേശ ടൂറിസത്തിലൂടെ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ഏറ്റവും കൂടുതൽ വരുമാനം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം പട്ടയം വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

ശ്രീ. മാണി സി. കാപ്പൻ: ധനാഭ്യർഥനകളെ എതിർക്കുന്നു. ഭൂനികുതി വർധിപ്പിക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണം. പാല

നിയോജകമണ്ഡലത്തിലെ പ്രധാന തീർഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി പിൽഗ്രിം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പ്രഖ്യാപിക്കുന്നതിനും ഇല്ലിക്കൽ കല്ല്, ഇലവീഴാപൂഞ്ചിറ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കേന്ദ്ര ടൂറിസം മാപ്പിൽ ഇവ ഉൾപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കളരിയാംമാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡും കടപുഴ പാലവും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. നികുതി/നികുതിയേതര വരുമാനത്തിൽ വൻവർധനവുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പദ്ധതി വിഹിതം വെട്ടിക്കുറച്ച കേന്ദ്ര നടപടിക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ലക്ഷം വീട് പദ്ധതിയിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കാനുള്ള പദ്ധതി അടിയന്തരമായി നടപ്പാക്കണം. പൊതുമരാമത്ത്-വിനോദസഞ്ചാര മേഖലകളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എടുത്തുപറയത്തക്കതാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി ഞെരുക്കുന്നതിനിടയിലും സമസ്ത മേഖലകളിലും സമാനതകളില്ലാത്ത വികസനപ്രവർത്തനങ്ങളാണ് സർക്കാർ

നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ റോഡുകളുടെ പരിപാലനം സമയബന്ധിതമായി നടപ്പാക്കാൻ റണ്ണിങ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയതും മുഴുവൻ റോഡുകളും ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തുമെന്ന് പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. കോഴിക്കോട്-മുത്തങ്ങ ദേശീയപാത വികസനത്തിലുൾപ്പെട്ട മലാപ്പറമ്പ് മുതൽ വെള്ളിമാടുകുന്ന് വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കണം. കണ്ണൂർ-മാനാഞ്ചിറ-പാവങ്ങാട് റോഡ് വികസനത്തിനായി പദ്ധതി തയ്യാറാക്കുന്നത് അഭിനന്ദനാർഹമാണ്. കോട്ടൂളി നേതാജി ജങ്ഷനിലെ മേൽപ്പാലം നിർമ്മാണം നഗരപാത വികസന പദ്ധതിയിലുൾപ്പെടുത്തുന്നതിനും കോഴിക്കോട് നഗരത്തിലെ മുഴുവൻ റോഡുകളും ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ടൂറിസം മേഖലയിൽ വൻകുതിച്ചുചാട്ടമാണുണ്ടായിരിക്കുന്നത്. ബീച്ച് റോഡുകളോടനുബന്ധിച്ച് ഫ്ലോട്ടിങ് ബ്രിഡ്ജുകൾ സ്ഥാപിച്ചത് ശ്രദ്ധേയമാണ്. പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയതും സ്ത്രീസൗഹൃദ ടൂറിസം നടപ്പാക്കിയതും മാതൃകാപരമാണ്. കനാൽ സിറ്റി പദ്ധതി ത്വരിതഗതിയിലാക്കണം. മലബാർ

ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും ബോർഡിന് പ്രത്യേകമായ നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. പട്ടയ അസംബ്ലി, സ്മാർട്ട് വില്ലേജ് ഓഫീസ്, ഡിജിറ്റൽ സർവെ തുടങ്ങിയവ റവന്യൂ വകുപ്പിന്റെ മുഖമുദ്രതന്നെ മാറ്റിയിരിക്കുകയാണ്. ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത പരിഹരിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ജൽജീവൻ മിഷൻ പ്രവൃത്തികൾ നടക്കുന്ന റോഡുകളുടെ ഡി.എൽ.പി. സംബന്ധിച്ച് വ്യക്തമായ തീരുമാനമെടുക്കണം. റീ-ബിൽഡ് കേരളയുമായി ബന്ധപ്പെട്ട പ്രവൃത്തികളിലെ കാലതാമസം ഒഴിവാക്കണം. തൃപ്പൂണിത്തുറ ബൈപ്പാസുമായി ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തണം. ഹൗസിങ് ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും ചോറ്റാനിക്കര പഞ്ചായത്തിൽ സാഫല്യം പദ്ധതി പ്രകാരം നിർമ്മിച്ചുനൽകിയ ഫ്ലാറ്റുകൾ വാസയോഗ്യമല്ലാതായ

സാഹചര്യത്തിൽ പുതിയ വീടുകൾ നിർമ്മിച്ചുനൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഭൂനികുതി വർധനവ് പിൻവലിക്കണം. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടക്കുന്ന അഴിമതി തടയുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കുടിശ്ശിക നിവാരണത്തിനായി ആംനെസ്റ്റി പദ്ധതി പ്രഖ്യാപിച്ചതിലൂടെ നികുതി വരുമാനത്തിൽ വൻവർധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. യുണീക് തണ്ടപ്പേർ സംവിധാനം നടപ്പാക്കിയതും 180887 പേർക്ക് പട്ടയം ലഭ്യമാക്കിയതും ശ്ലാഘനീയമാണ്. ദേശീയപാതാ വികസനം സാധ്യമാക്കിയതും വിവിധ പരിഷ്കാരങ്ങളുടെ ഭാഗമായി വിനോദസഞ്ചാര മേഖലയിൽ വൻമുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞതും ഉത്തരവാദിത്വ ടൂറിസത്തിന്റെ പറുദീസയായി കേരളത്തെ മാറ്റാൻ സാധിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. പി. നന്ദകുമാർ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ഭൂപ്രശ്നം പരിഹരിക്കുന്നതിലും പട്ടയ വിതരണം ദ്രുതഗതിയിൽ നടത്തുന്നതിലും റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. മലയോര-തീരദേശ-പുഴ പുറമ്പോക്ക് പട്ടയ വിതരണം എത്രയുംവേഗം പൂർത്തീകരിക്കണം. പൊന്നാനിയിലെ ടൂറിസം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി

സ്വീകരിക്കണം. നികുതി ചോർച്ച തടയാൻ ധനകാര്യ വകുപ്പ് നടത്തുന്ന ഇടപെടലുകൾ ശ്ലാഘനീയമാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: ധനാഭ്യർഥനകളെ എതിർക്കുന്നു. വെള്ളക്കരം, വൈദ്യുതി ചാർജ്, രജിസ്ട്രേഷൻ ഫീസ് തുടങ്ങിയവ വർധിപ്പിച്ച് സർക്കാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. സംസ്ഥാന മന്ത്രിസഭയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരംഗംപോലുമില്ലെന്നുള്ളത് ആ വിഭാഗങ്ങളോടുള്ള സർക്കാരിന്റെ വിവേചനമാണ് വ്യക്തമാക്കുന്നത്.

ശ്രീ. കെ. പ്രേംകുമാർ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മേഖലകളിലെ വികസന നിർണ്ണയ സൂചികകളിലും ഉപഭോക്തൃ വിലനിർണ്ണയ സൂചികയിലും കേരളം ഒന്നാമതാണ്. രാജ്യത്ത് ഡിജിറ്റൽ സർവകലാശാല, സയൻസ് പാർക്ക്, വാട്ടർ മെട്രോ എന്നിവ നടപ്പാക്കിയതും ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമാക്കിമാറ്റിയതുമായ ആദ്യ സംസ്ഥാനം കേരളമാണ്. ദേശീയ പാത വികസനത്തിന് തുക അനുവദിച്ചതും സമ്പൂർണ്ണ ഭവന വൈദ്യുതീകരണം നടപ്പാക്കിയതും ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയതും മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറവ് രേഖപ്പെടുത്തിയതുമായ സംസ്ഥാനം കേരളമാണ്. കേരളത്തിലെ

പൊതുമരാമത്ത് വിഭാഗത്തിൽ 'പി.ഡബ്ല്യു.ഡി. ഫോർ യു' എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പിനെയും എല്ലാ വില്ലേജാഫീസുകളിലും വില്ലേജുതല ജനകീയ സമിതി രൂപീകരിച്ചുകൊണ്ട് റവന്യു വകുപ്പിനേയും കൂടുതൽ കാര്യക്ഷമമാക്കാനും സുതാര്യമാക്കാനും സർക്കാർ നടത്തുന്ന ഇടപെടലുകൾ അഭിനന്ദനാർഹമാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ റോഡ് നിർമ്മാണത്തിലെ മികവും ആഭ്യന്തര ടൂറിസത്തിന്റെ വളർച്ചയും ശ്രദ്ധേയമാണ്. KSRTC ജീവനക്കാരുടെ സേവനം മികവുറ്റതാണ്. KSRTC ബസ്സുകൾ സ്കൂൾ വിനോദയാത്രകൾക്കായി ഉപയോഗിക്കുന്നത് ഗുണകരമാകും. ചരിത്രത്തിൽ ഇതുവരെയില്ലാത്ത തരത്തിൽ ഒട്ടനവധി പട്ടയങ്ങൾ നൽകാൻ സർക്കാരിന് സാധിച്ചു. പെരിയാർവാലി കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികളുണ്ടാകണം.

ശ്രീമതി ദെലീമ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് തുല്യനീതി ലഭ്യമാകുന്നത് അഭിമാനകരമാണ്. ജനങ്ങളെ ചേർത്തുപിടിക്കുന്ന വികസന പ്രവർത്തനങ്ങളിലൂടെ സർക്കാർ

മുന്നേറുകയാണ്. റവന്യൂ വകുപ്പ് വളരെ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. മലയോര, തീരദേശ ഹൈവേകളുടെ നിർമ്മാണം, ദേശീയപാത വികസനം മുതലായവ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന മികവ് തെളിയിക്കുന്നവയാണ്. കുതിരാൻ ടണൽ നിർമ്മാണം പൂർത്തീകരിച്ചത് സർക്കാരിന്റെ ഇച്ഛാശക്തി വെളിവാക്കുന്നതാണ്. അരൂർ-തുറവൂർ ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. 15 കോടി രൂപ മുതൽമുടക്കി പതിനാലോളം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ വിദ്യാഭ്യാസ രംഗത്ത് അഭിമാനകരമായ നേട്ടമാണ് അരൂർ നിയോജകമണ്ഡലത്തിലുണ്ടാകുന്നത്. കേരളത്തിലെ ഏക ദ്വീപ് പഞ്ചായത്തായ പെരുമ്പളത്തേക്കുള്ള പാലം നിർമ്മാണം ടൂറിസം രംഗത്ത് ഒട്ടേറെ പ്രതീക്ഷകൾ നൽകുന്നതാണ്. ലോക ടൂറിസം ഭൂപടത്തിൽ ഇടംപിടിച്ച കാക്കത്തുരുത്ത് ദ്വീപിൽ വിനോദസഞ്ചാര മേഖല വിപുലപ്പെടുത്തണം. എറണാകുളത്തിന്റെ ഉപഗ്രഹ നഗരമായ അരൂരിലേക്ക് വാട്ടർ മെട്രോ സർവീസുകൾ ആരംഭിക്കുന്നത് സാംസ്കാരിക മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ സഹായകരമാകും. ചങ്ങരംകരി പ്രദേശത്തെ

കേന്ദ്രീകരിച്ചുകൊണ്ട് ഒരു ടൂറിസം ഡെസ്റ്റിനേഷൻ രൂപപ്പെടുത്തണം. അത്രർ മേഖലയിലെ വെള്ളക്കെട്ടിന് ശാശ്വതമായ പരിഹാരം കാണണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർഥനകളെ എതിർക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ ബജറ്റുകളുടെ ദുരവസ്ഥ തന്നെയാണ് ഈ ബജറ്റിനും ഉണ്ടാകാൻ പോകുന്നത്. പഞ്ചായത്തുകൾക്ക് പണം നൽകിയിട്ടുണ്ടെങ്കിലും ട്രഷറി നിയന്ത്രണംമൂലം ചെലവഴിക്കാൻ കഴിയുന്നില്ല. 2024-25 സാമ്പത്തിക വർഷത്തിൽ സഭ പാസാക്കിയ ധനാഭ്യർഥനയുടെ പകുതി തുകപോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഹയർസെക്കൻഡറി, വി.എച്ച്.എസ്.ഇ. മേഖലയിലേക്ക് നൽകിയിരിക്കുന്ന ഫണ്ടുകളെല്ലാം പിൻവലിക്കുകയാണ്. വാഴക്കാട്-ഫാറൂഖ് കോളേജ് റോഡിന്റെ പുനർനിർമ്മാണവും രാമനാട്ടുകര മുതൽ കോഴിക്കോട് വിമാനത്താവളം വരെയുള്ള റോഡിന്റെ വീതി കൂട്ടുന്ന പദ്ധതിയും നടപ്പാക്കിയിട്ടില്ല. കൊണ്ടോട്ടി റെസ്റ്റ് ഹൗസ് നിർമ്മാണത്തിന് പണം അനുവദിച്ചിട്ടില്ല. പൊതുമരാമത്ത് റോഡുകളിൽ റണ്ണിങ് കോൺട്രാക്ട് വഴിയുള്ള ഒരു പ്രവൃത്തിയും നടക്കുന്നില്ല. പി.ഡബ്ല്യൂ.ഡി. സെക്ഷനുകളെ മണ്ഡലാടിസ്ഥാനത്തിൽ പുനർ വിഭജനം ചെയ്യണം.

ശ്രീ. പി. പി. സുമോദ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 9 വർഷത്തിനിടയിൽ 100 പാലങ്ങളുടെ പണി പൂർത്തിയാക്കാനായതും ദേശീയ പാത, തീരദേശ-മലയോര ഹൈവേ എന്നിവ യാഥാർഥ്യമാക്കാനായതും റെസ്റ്റ് ഹൗസ് ജനകീയമാക്കിയതിലൂടെ 21 കോടിയിലധികം രൂപയുടെ വരുമാനം നേടാനായതും സംസ്ഥാനത്തെ സ്ത്രീസൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാനായതും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. റവന്യൂ വകുപ്പിനെ ആധുനികവൽക്കരിക്കാനായതും 180887 പട്ടയങ്ങൾ വിതരണം ചെയ്യാനായതും വില്ലേജോഫീസുകൾ സ്മാർട്ടാക്കാനായതും ഡിജിറ്റൽ സർവെ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞതും 23 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന നൽകാൻ സാധിച്ചതും ശ്ലാഘനീയമാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളുടെയും പുരോഗതി ലക്ഷ്യംവച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധങ്ങൾക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ദേശീയപാത വികസനം യാഥാർഥ്യമാക്കാനായത് പൊതുമരാമത്ത് വകുപ്പിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതവും വിവിധ ഗ്രാന്റുകളും വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നിലപാടിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കുട്ടനാട്ടിൽ പട്ടയ വിതരണം നടത്തിയതും വിവിധ റോഡുകൾക്കും പാലങ്ങൾക്കും കുടിവെള്ള പദ്ധതികൾക്കും തുക വകയിരുത്തി വികസനം സാധ്യമാക്കിയതും അഭിനന്ദനാർഹമാണ്. കർഷകർക്ക് ഉപകാരപ്രദമാകുംവിധം നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കുട്ടനാടിന് പ്രത്യേക ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന് അർഹമായ വിഹിതം നൽകാത്ത കേന്ദ്ര ഗവൺമെന്റ് നിലപാടിനെതിരെ ഭരണ-പ്രതിപക്ഷ ഭേദമന്യേ യോജിച്ച് പ്രവർത്തിക്കണം.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർഥനകളെ എതിർക്കുന്നു. യുവതലമുറ ലഹരിക്ക് അടിമപ്പെടുന്നതിനെതിരെയും വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും ഗവൺമെന്റ് ശക്തമായ നിയമനടപടി സ്വീകരിക്കാത്തത് ഖേദകരമാണ്. സർവകലാശാലകളിൽനിന്നും ബിരുദം നേടുന്ന

വിദ്യാർഥികൾ ഡ്രഗ് ടെസ്റ്റിന് വിധേയമാകണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്ത് ലഹരിയെ പ്രതിരോധിക്കണം. ടൂറിസം മേഖല മെച്ചപ്പെടുത്താനും മാനവവിഭവശേഷി വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. മെച്ചപ്പെട്ട പൊതുമരാമത്ത് റോഡുകൾ, ലെവൽ ക്രോസ് ഇല്ലാത്ത കേരളം, മലയോര-തീരദേശ-തുരങ്ക പാതകളുടെ നവീകരണം തുടങ്ങിയവ സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സർവെ നടപടികൾ രാജ്യത്തിനുതന്നെ മാതൃകയാണ്. കഴിഞ്ഞ എട്ട് വർഷംകൊണ്ട് 357898 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. നഷ്ടപ്പെട്ട പഴയ പട്ടയങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തണം. 535 വില്ലേജ് ഓഫീസുകളെ സ്മാർട്ടാക്കുകയും ബാക്കിയുള്ളവ സ്മാർട്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. വില്ലേജ് ഓഫീസുകളിലെ സേവനങ്ങൾ ഓൺലൈനായെങ്കിലും ചില വില്ലേജ് ഓഫീസുകളിൽ സർട്ടിഫിക്കറ്റുകൾക്കായി ആളുകളെ ഓഫീസിലേക്ക് വിളിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം. നിലവിൽ ഒരു ലോഗിനിലൂടെ മാസത്തിൽ നാല് ഓൺലൈൻ സേവനങ്ങൾ മാത്രം ലഭിക്കുന്ന രീതിക്ക് മാറ്റം വരുത്തുകയും വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് കിയോസ്കുകൾക്ക് ലോഗിൻ

ലഭ്യമാക്കുകയും വേണം. റവന്യൂ പോർട്ടൽ രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ച് മൊബൈൽ നമ്പർ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നടത്താൻ സംവിധാനമൊരുക്കണം. വില്ലേജ് ഓഫീസിലെ എല്ലാ ലോഗിനിൽനിന്നും കരമടച്ച രസീത് എടുക്കാനും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് ലോഗിൻ അനുവദിച്ച് റിപ്പോർട്ടുകൾ ഉൾപ്പെടെ ഓൺലൈനാക്കി പേപ്പർലെസ് വില്ലേജ് ഓഫീസ് യാഥാർത്ഥ്യമാക്കാനും ജീവനക്കാർക്ക് മാസത്തിലൊരിക്കൽ ട്രെയിനിങ് നൽകാനും നടപടി സ്വീകരിക്കണം. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിക്കാൻ മൂന്ന് ടീമുകളെ അനുവദിക്കണം.

<u>ശ്രീ. എം. രാജഗോപാലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്ക രീതിയിലുള്ള പശ്ചാത്തല സൗകര്യ വികസനം യാഥാർത്ഥ്യമാക്കാൻ കിഫ്ബിയിലൂടെ സാധിച്ചിട്ടുണ്ട്. ആരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്ക് കോട്ടംവരുത്തുന്ന നിലപാടുകളാണ് കേന്ദ്ര ഗവൺമെന്റ് സമീപകാലത്ത് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തര-തനത് നികുതി വരുമാനം ഇപ്പോൾ വർധനയുടെ പാതയിലാണ്. 2024-25-ൽ റവന്യൂക്കമ്മി 2.12

ശതമാനത്തിലും ധനക്കമ്മി 3.40 ശതമാനത്തിലും എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വ്യവസായ നിക്ഷേപ സൗഹൃദ ഭൂപടത്തിൽ ഒന്നാം സ്ഥാനത്തെത്താൻ വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ട്. ടൂറിസം നിക്ഷേപക സംഗമത്തിൽ 15126 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്പെഷ്യൽ സ്കൂളുകളിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും അതിനായി കൂടുതൽ തുക ബജറ്റിൽ വകയിരുത്താനും നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാർ ഡി.ഡി.ആർ.എസ്. (Deendayal Divyangjan Rehabilitation Scheme) പ്രകാരം ഗ്രാന്റിന് വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രായപരിധി 23 വയസ്സാക്കുന്നതിനും സ്പെഷ്യൽ സ്കൂളുകൾക്ക് ഗ്രാന്റ് ലഭിക്കുന്നതിന് 20 കുട്ടികൾ വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ആവിയിൽ പുഴുങ്ങുന്ന ബേക്കറി വിഭവങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന 18 ശതമാനം ജി.എസ്.ടി. കുറയ്ക്കാനാവശ്യമായ ഇടപെടൽ നടത്തണം. എം.എൽ.എ. ഫണ്ടുപയോഗപ്പെടുത്തി റോഡിൽ ടൈൽ വിരിക്കുന്നതിനും സ്കൂളുകളിൽ

കളിസ്ഥലം, പാർക്ക് എന്നിവ നിർമ്മിക്കുന്നതിനും ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി വേണമെന്ന നിർദേശം പുനഃപരിശോധിക്കണം. സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാന വർധനവ് 8 ശതമാനവും ഐ.ജി.എസ്.ടി. വരുമാന വർധനവ് 6 ശതമാനവും മാത്രമാണ്. കഴിഞ്ഞ മൂന്നുവർഷത്തിൽ സംസ്ഥാനത്ത് 3.5 ലക്ഷത്തോളം പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് അവകാശപ്പെടുമ്പോഴും ജി.എസ്.ടി. രജിസ്ട്രേഷനിൽ ആനുപാതിക വർധനവുണ്ടായിട്ടില്ല.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സ്പെഷ്യൽ സ്കൂളുകളിൽ തൊഴിൽപരിശീലന കേന്ദ്രങ്ങളുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുന്ന കാര്യവും ഡി.ഡി.ആർ.എസ്. ഗ്രാന്റിനായി കുട്ടികളുടെ പ്രായപരിധി വർധിപ്പിക്കുന്ന കാര്യവും പ്രത്യേകം പരിശോധിക്കാം; ഐ.ജി.എസ്.ടി., ജി.എസ്.ടി. വരുമാന വർധന സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിലും വിവിധ സബ് കമ്മിറ്റികളിലും നിരന്തരം ഇടപെടൽ നടത്തുന്നുണ്ട്. ആവിയിൽ പുഴുങ്ങുന്ന ബേക്കറി വിഭവങ്ങളുടെ ജി.എസ്.ടി. നിലവിലെ 18 ശതമാനത്തിൽനിന്നും കുറവുവരുത്തുന്നതുസംബന്ധിച്ച് കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട സംരംഭങ്ങളായതുകൊണ്ടാണ് പുതിയ സംരംഭങ്ങൾ ജി.എസ്.ടി.

രജിസ്ട്രേഷൻ പരിധിയിൽ ഉൾപ്പെടാത്തത്. എം.എൽ.എ. ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയങ്ങളിലെ നോംസ് പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കുന്നതാണ്. ഭൂനികുതി ഇനത്തിൽ ചെറിയ തുകയാണ് വർധിപ്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് അർഹമായ ജി.എസ്.ടി. വിഹിതം നേടിയെടുക്കാനുള്ള ശ്രമം ശക്തമായി നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പട്ടയ മിഷന്റെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ സംഘടിപ്പിച്ച് പട്ടയ വിതരണ നടപടി പുരോഗമിച്ചുവരികയാണ്. മലപ്പുറം ജില്ലാതല പട്ടയമേളയിൽ 6152 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. ഇടുക്കി ജില്ലയിലെ കുറ്റ്യാർവാലിയിലെ പട്ടയപ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വട്ടവട കുറിഞ്ഞിമല സങ്കേതത്തിൽ ഡിജിറ്റൽ റീ സർവെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജലവൈദ്യുത പദ്ധതി പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയങ്ങൾ വിതരണം ചെയ്യാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം അഞ്ചുചങ്ങല പ്രദേശത്തെ

പട്ടയവിഷയം കാലതാമസംകൂടാതെ പരിഹരിക്കുന്നതാണ്. കേരളത്തിലെ പട്ടയ വിഷയങ്ങൾ സ്ഥായിയായി പരിഹരിക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്. തദ്ദേസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ദീർഘകാലമായി പരിഹരിക്കാൻ കഴിയാത്ത ഭൂമികളുടെ പട്ടയ പ്രശ്നവും കല്ലട ഇറിഗേഷൻ പ്രോജക്ട് മേഖലയിലുള്ളവരുടെ പട്ടയ പ്രശ്നവും പരിഹരിക്കുന്നതാണ്. പെരിയാർ വാലി പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാനായി പ്രത്യേക സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിലെ പമ്പാവാലി-ഏയ്ഞ്ചൽവാലി പ്രദേശത്തെ 1520 പേർക്ക് പട്ടയം വിതരണം ചെയ്തു. ഭൂരഹിതരില്ലാത്ത പുനലൂർ പദ്ധതി ശ്രദ്ധേയമായ മാതൃകയാണ്. അരിപ്രയിലെ ഭൂസമരത്തിന് സ്ഥായിയായ പരിഹാരം കാണാൻ സാധിച്ചു. റവന്യൂ-വനം വകുപ്പുകളുമായി ബന്ധപ്പെട്ട വിവിധ ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ റവന്യൂ-വനം വകുപ്പുകളുടെ സംയുക്തയോഗം ഈ മാസം 26-ാം തീയതി ചേരുന്നതാണ്. പട്ടികവർഗ വിഭാഗങ്ങൾ താമസിക്കുന്ന വനഗ്രാമങ്ങളെ റവന്യൂ ഗ്രാമങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ലാൻഡ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസുകൾ 2026 ജനുവരി ഒന്നോടുകൂടി തീർപ്പാക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരികയാണ്. പ്രവാസികൾക്ക് ഭൂമി സംബന്ധമായ നികുതികൾ ഓൺലൈൻ മുഖാന്തരം അടയ്ക്കുന്നതിനും റവന്യൂ അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നതിനും സാധിക്കുന്നതാണ്. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ റവന്യൂ കാർഡിൽ രേഖപ്പെടുത്തുന്ന പ്രവർത്തനങ്ങൾ 2025 നവംബർ 1-ന് ആരംഭിക്കും. റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിൽ റവന്യൂ ഇ-സാക്ഷരത 2025 ജൂൺ മാസത്തിൽ ആരംഭിക്കുന്നതാണ്. ഡിജിറ്റൽ റീ സർവെ 259 വില്ലേജുകളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ-റവന്യൂ-സർവെ വകുപ്പുകളുടെ പോർട്ടലുകൾ സംയോജിപ്പിച്ച് 'എന്റെ ഭൂമി' എന്ന സംയോജിത പോർട്ടൽ ആവിഷ്കരിക്കാൻ സാധിച്ചു. ഡിജിറ്റൽ റീ-സർവെ പൂർത്തിയാകുന്നതോടുകൂടി സർക്കാർ ഭൂമിയിൽ കുടിയേറിയവർക്കും പട്ടയം നൽകാൻ കഴിയുന്ന വിധത്തിലുള്ള നടപടിക്രമമുണ്ടാകും. ഈ സർക്കാരിന്റെ നേതൃത്വത്തിൽ ഐക്യ കേരള രൂപീകരണത്തിനുശേഷമുള്ള ആദ്യ സെറ്റിൽമെന്റ് ആക്റ്റ് അവതരിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ എൽ.ആർ.എം. (Land Revenue Management) കേസുകളിൽ ഇനം മാറ്റവും പലവകയുമായി ബന്ധപ്പെട്ടവ താലൂക്ക് അദാലത്തുകളിലൂടെയും ബാക്കിയുള്ളവ ഡിജിറ്റൽ സർവെയിലൂടെയും സമയബന്ധിതമായി പരിഹരിക്കുന്നതാണ്.

വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി സർക്കാർ ഭൂമി അനുവദിക്കുന്നതിനുള്ള ചട്ടങ്ങളിൽ വ്യവസായ-റവന്യൂ വകുപ്പുകൾ ചേർന്ന് പുരോഗമനപരമായ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂപതിവ് നിയമത്തിന്റെ ചട്ടഭേദഗതി അടിയന്തരമായി കൊണ്ടുവരുന്നതാണ്. പതിനഞ്ചംഗ റവന്യൂ ഉദ്യോഗസ്ഥരുടെ ടീം രൂപീകരിച്ച് ഇടുക്കി ജില്ലയിലെ പരുന്തുംപാറയിൽ അനധികൃത ഭൂമി കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പ്രദേശത്ത് നിരോധനാജ്ഞ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ ഈ വർഷം മറൈൻ എക്കോ സിറ്റിയുടെ നിർമ്മാണമാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭവന നിർമ്മാണ രംഗത്ത് പുതിയ ഭവന നയം പ്രഖ്യാപിക്കും. ആദ്യ പട്ടയ അസംബ്ലി നടത്തി പരാതികൾ പരിഹരിക്കുകയും രണ്ടാം പട്ടയ അസംബ്ലി നടത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ കടങ്ങൾ എഴുതിത്തള്ളാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. വയനാട്ടിൽ ടൗൺഷിപ്പ് നിർമ്മിച്ച് ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ അടിയന്തരമായി ആരംഭിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): അഞ്ച് ദേവസ്വം ബോർഡുകൾക്കും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനുമായി 2016 മുതൽ നാളിതുവരെ 600.70 കോടി രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ് ഇൻ എയ്ഡായി 18,27,73,440 രൂപ അനുവദിച്ചിട്ടുണ്ട്, അവശേഷിക്കുന്ന തുക നൽകുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പെൻഷൻ 1600 രൂപയായി വർധിപ്പിച്ചതുൾപ്പെടെ നൽകാനായി 5.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമല തീർഥാടകർക്കായി നിലയ്ക്കൽ, കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി എന്നിവിടങ്ങളിൽ അന്നദാനത്തിനും വിരിവയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 116.41 കോടി രൂപ കിഫ്ബി മുഖാന്തരം അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട ബില്ലിന്റെ ഇംഗ്ലീഷ്, മലയാളം പകർപ്പുകൾ തയ്യാറാക്കുന്നതിനായി നിയമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമിച്ച ഈഴവ ജാതിയിൽപ്പെട്ട കഴകക്കാരനോട് ജാതിവിവേചനം കാണിച്ച നടപടി സാംസ്കാരിക കേരളത്തിന് അപമാനകരമാണ്. ശബരിമല വികസനവുമായി

ബന്ധപ്പെട്ട് തയ്യാറാക്കിയ 1003 കോടി രൂപയുടെ മാസ്റ്റർപ്ലാനിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വനം-റവന്യൂ വകുപ്പുകളുടെ സഹകരണത്തോടുകൂടി ശബരിമല റോപ്‍വേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം ആരംഭിക്കുന്നതാണ്.

(ധനാഭ്യർഥന ചർച്ചയിൽ പ്രതിപക്ഷാംഗങ്ങളുടെ അവകാശം ഹനിക്കുന്നതായും വിവേചനം കാണിക്കുന്നതായും ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യയും നിലവിലുള്ള റോഡുകളിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ രീതിയും സംസ്ഥാന വ്യാപകമാക്കുകയും ജിയോ സെൽ, ജിയോഗ്രിഡ്, കയർ ഭൂവസ്ത്രം തുടങ്ങിയവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുകയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തുവരുന്നു. വകുപ്പുസംബന്ധമായ പരാതികളും നിർദേശങ്ങളും സമർപ്പിക്കുന്നതിനായി 'PWD 4U' എന്ന ആപ്ലിക്കേഷൻ

വികസിപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് കോംപോസിറ്റ് ടെൻഡർ യാഥാർത്ഥ്യമാക്കി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച സി.എം.ടി.-യുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നുവരികയാണ്. മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും പ്രവൃത്തി പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ 60 ശതമാനം റോഡുകളും ബി.എം. ആൻഡ് ബി.സി. നിലവാരത്തിലാക്കാനും മുനമ്പം-അഴീക്കൽ പാലത്തിന്റെ പ്രവൃത്തി 50 ശതമാനത്തിലധികവും 135 പാലങ്ങളുടെ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കാനും സാധിച്ചിട്ടുണ്ട്. 'ലെവൽ ക്രോസ് ഇല്ലാത്ത കേരളം' പദ്ധതിയിൻകീഴിൽ 8 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 13 മേൽപ്പാലങ്ങളുടെ പ്രവൃത്തി പുരോഗമിക്കുകയുമാണ്. റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് സംവിധാനം ആരംഭിച്ചതിലൂടെ 22,79,56,160 രൂപയുടെ അധികവരുമാനം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണവും പരിപാലനവും ഉത്തരവാദിത്വത്തോടെയും സമയബന്ധിതമായും നിർവഹിക്കുന്നതിനായി റണ്ണിങ് കോൺട്രാക്ട് സംവിധാനം നടപ്പാക്കി. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. വിനോദസഞ്ചാര മേഖലയിൽ നൂതനവും വൈവിധ്യവുമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. മലബാർ മേഖലയിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാക്കാനും മലബാർ, മൂന്നാർ എന്നിവിടങ്ങളിലെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം സർവകാല റെക്കോർഡിലെത്തിക്കാനും സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കിയ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഭാഗമായി 41 ഡെസ്റ്റിനേഷനുകൾ യാഥാർഥ്യമായിട്ടുണ്ട്. കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 211 കിലോമീറ്റർ റോഡിൽ 120 കിലോമീറ്റർ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തുകയും റോഡ് പ്രവൃത്തികൾക്കായി 11 കോടി 28 ലക്ഷം രൂപയും കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കായി 10 കോടി 16 ലക്ഷം രൂപയും മൂന്ന് റോഡുകളുടെ നവീകരണത്തിനായി 6 കോടി രൂപയും റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾക്കായി 4 കോടി 95 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മഞ്ചേരി തേർഡ് ബൈപ്പാസിനും മുള്ളിയാകുറിശ്ശി-പാണ്ടിക്കാട് റോഡിനും 5 കോടി രൂപവീതം അനുവദിച്ചു. ഇരിക്കൂർ മണ്ഡലത്തിൽ പൊതുമരാമത്ത്

റോഡ്സ് വിഭാഗത്തിനുകീഴിൽ 19 കോടി 89 ലക്ഷം രൂപയുടെ 5 പ്രവൃത്തികളും കെ.ആർ.എഫ്.ബി.-പി.എം.യു. ഡിവിഷനുകീഴിൽ 78 കോടി 71 ലക്ഷം രൂപയുടെ രണ്ട് പ്രവൃത്തികളും നടന്നിട്ടുണ്ട്. അങ്കമാലി മണ്ഡലത്തിൽ 116 കോടി രൂപയുടെ കെ.എസ്.ടി.പി. പ്രവൃത്തികളും 48 കോടി 9 ലക്ഷം രൂപയുടെ പാലം പ്രവൃത്തികളും 54 കോടി 22 ലക്ഷം രൂപയുടെ കെ.ആർ.എഫ്.ബി. പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി നടന്നുവരുന്നു. ശബരിമല ഫെസ്റ്റിന്റെ ഭാഗമായി അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി-മൂഴികുളം റോഡ് നവീകരണത്തിനായി 1 കോടി 60 ലക്ഷം രൂപ അനുവദിച്ചു. ഭരണ-പ്രതിപക്ഷ ഭേദമന്യേ മുഴുവൻ നിയോജകമണ്ഡലങ്ങളിലും റോഡുകളും പാലങ്ങളുമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം കരാറുകാരുടെ നഷ്ടോത്തരവാദിത്ത വ്യവസ്ഥയിൽ ടെർമിനേറ്റ് ചെയ്യപ്പെട്ട 164 പ്രവൃത്തികൾ സമയബന്ധിതമായി റീ-അറേഞ്ച് ചെയ്യാൻ വകുപ്പിന് സാധിച്ചു. തെറ്റായ നിലപാട് സ്വീകരിച്ച 95 കരാറുകാരുടെ ലൈസൻസ് റദ്ദാക്കുകയും 22 കരാറുകാരെ ബ്ലാക് ലിസ്റ്റിലുൾപ്പെടുത്തുകയും 117 കരാറുകാർക്കെതിരെ കർശന നടപടി

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.19-ന് പിരിഞ്ഞു.